LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ എല്ലാ ജില്ലകളിലും കാര്യക്ഷമമായ സേവനം ഉൾപ്പെടുത്തുന്നതിന് സഹായകമാംവിധം സീനിയർ അക്കൗണ്ടന്റ് തസ്തികകൾ കുറവുള്ള ജില്ലകളിൽ, അപ്ഗ്രഡേഷൻ വഴിയോ ട്രാൻസ്ഫർ വഴിയോ കൂടുതൽ സീനിയർ അക്കൗണ്ടന്റ് തസ്തിക ഉറപ്പുവരുത്തുമോ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സീനിയർ അക്കൗണ്ടന്റുമാരുടെ എണ്ണത്തിൽ കുറവുള്ള ജില്ലകളിൽ പ്രസ്തുത എണ്ണം ക്രമീകരിക്കുന്നതിനുള്ള നടപടികൾ ട്രഷറി ഡയറക്ടർ സ്വീകരിക്കുന്നതാണ്.

ട്രഷറി കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് നൽകിയ തുക തിരിച്ചുപിടിക്കാൻ നടപടി

134 (519) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് 2000-2004 വർഷങ്ങളിൽ അധിക ജോലി ചെയ്തതിന് ട്രഷറി ജീവനക്കാർക്ക് എന്തെങ്കിലും അലവൻസ് നൽകിയിരുന്നോ; അതിന്റെ മാനദണ്ഡം എന്തായിരുന്നു; ഇപ്രകാരം ആകെ എത്ര രൂപയായിരുന്നു നൽകിയത്; വ്യക്തമാക്കാമോ?

ട്രഷറി കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് 2000-2004 വർഷങ്ങളിൽ നിലവിലെ ജോലികൾക്കുപുറമേ അധിക ജോലി ചെയ്തതിന് ട്രഷറി ജീവനക്കാർക്ക് 3-11-2000-ലെ സ.ഉ.(സാധാ.) നമ്പർ 6111/2000/ധന. ഉത്തരവ് പ്രകാരം 1-6-2000 മുതൽ കമ്പ്യൂട്ടർ അലവൻസ് നൽകിയിരുന്നു. 2000-2004 വർഷങ്ങളിൽ 27,26,354 (ഇരുപത്തിയേഴ് ലക്ഷത്തി ഇരുപത്തിആറായിരത്തി മുന്നൂറ്റി അൻപത്തിനാല്) രൂപ) രൂപയാണ് ആകെ അലവൻസായി നൽകിയിരുന്നത്.

(ബി) അന്നത്തെ ജീവനക്കാർക്ക് നൽകിയ പ്രസ്തുത അലവൻസ് തിരിച്ചുപിടിക്കാൻ സർക്കാർ ഉത്തരവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണവും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ?

കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് 31-5-2002-നുശേഷം കൈപ്പറ്റിയ കമ്പ്യൂട്ടർ അലവൻസ് അധികമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് 31-5-2002-നുശേഷം നൽകിയ കമ്പ്യൂട്ടർ അലവൻസ് തിരിച്ച് പിടിക്കാൻ 27-7-2004-ലെ 55121/എസ്റ്റാ.സി3/04/ധന., 13-11-2019-ലെ 36215/എസ്റ്റാ.സി3/2014/ധന. എന്നീ കത്തുകൾ പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര പേർ ഉക തിരിച്ചടച്ചിട്ടുണ്ട്; ഇതിൽ സർവ്വീസിൽ ഉള്ളവർ എത്ര; വിരമിച്ചവർ എത്ര; വ്യക്തമാക്കാമോ?

നാളിതുവരെ 213 പേർ ഉക തിരിച്ചടച്ചിട്ടുണ്ട്. അവരിൽ 91 പേർ നിലവിൽ സർവ്വീസിൽ തുടരുന്നവരും 122 പേർ സർവ്വീസിൽനിന്നും വിരമിച്ചവരുമാണ്.

(ഡി) സർവ്വീസിൽനിന്നും വിരമിച്ച ജീവനക്കാർക്ക് ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകിയശേഷം മുൻകാലത്ത് അധികമായി ചെയ്ത ജോലിക്ക് നൽകിയ പ്രതിഫല ഉക തിരിച്ചടപ്പിക്കാൻ ട്രഷറി ഡയറക്ടറോട് ഉത്തരവിറക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(ഇ) വിരമിക്കുന്നതിന് നാല് വർഷത്തിന് ഇപ്പുറം എന്തെങ്കിലും ഉക തെറ്റായി അധികം നൽകിയതായി വിരമിച്ചശേഷം നാല് വർഷത്തിനുള്ളിൽ കണ്ടെത്തി അറിയിച്ചാൽ മാത്രമേ ഉക തിരിച്ചുപിടിക്കാൻ പാടുള്ളൂ എന്ന നിയമം കെ.എസ്.ആർ. ഭാഗം III പെൻഷൻ റൂൾ 3-ൽ പറയുമ്പോൾ സർവ്വീസിൽനിന്ന് ഏകദേശം അഞ്ച് മുതൽ പതിനെട്ട് വർഷം മുമ്പ് വിരമിച്ച ജീവനക്കാരോട് ലഭിച്ച ഉക തിരിച്ചടയ്ക്കാൻ ട്രഷറി ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ഡി&ഇ) 3-11-2000-ലെ സ.ഉ.(സാധാ.) നമ്പർ 6111/2000/ധന. പ്രകാരമാണ് ട്രഷറി കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് 2000-2004 വർഷങ്ങളിൽ നിലവിലെ ജോലികൾക്കുപുറമേ അധിക ജോലി ചെയ്തതിന് ട്രഷറി ജീവനക്കാർക്ക് കമ്പ്യൂട്ടർ അലവൻസ് നൽകിയിരുന്നത്. കമ്പ്യൂട്ടർ വൽക്കരണവുമായി ബന്ധപ്പെട്ട് 31-5-2002-നുശേഷം കൈപ്പറ്റിയ കമ്പ്യൂട്ടർ അലവൻസ് അധികമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് കമ്പ്യൂട്ടർ അലവൻസ് തിരിച്ച് പിടിക്കാൻ 27-7-2004-ലെ സർക്കാർ കത്ത് നമ്പർ 55121/ എസ്റ്റാ.സി3/04/ധന. പ്രകാരം ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തിരിച്ചുപിടിക്കൽ നടപടികൾ ട്രഷറി ഡയറക്ടർ പൂർത്തിയാക്കാത്തതിനാലാണ് 13-11-2019-ലെ 36215/എസ്റ്റാ.സി3/2014/ ധന. കത്തിലൂടെ 31-5-2002-നുശേഷം അധികമായി കൈപ്പറ്റിയ കമ്പ്യൂട്ടർ അലവൻസ് 12 മാസങ്ങളിലായി തുല്യ തവണകളായി തിരിച്ചുപിടിക്കാൻ സർക്കാർ ട്രഷറി ഡയറക്ടർക്ക് വീണ്ടും നിർദ്ദേശം നൽകിയത്.

(എഫ്) മേൽപ്പറഞ്ഞ പെൻഷൻ റൂളിനും നിലവിലുള്ള ചട്ടങ്ങൾക്കും വിരുദ്ധമായി ഉത്തരവിറക്കിയ ട്രഷറി ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

3-11-2000-ലെ സ.ഉ.(സാധാ.) നമ്പർ 6111/2000/ധന സർക്കാർ ഉത്തരവ് മുഖേനയാണ് ട്രഷറി ജീവനക്കാർക്ക് കമ്പ്യൂട്ടർ അലവൻസ് അനുവദിച്ച് നൽകിയത്. 31-5-2002-നുശേഷം കമ്പ്യൂട്ടർ അലവൻസ് അധികമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് പ്രസ്തുത അലവൻസ് തിരിച്ചുപിടിക്കാൻ 27-7-2004-ലെ സർക്കാർ കത്ത് നമ്പർ 55121/എസ്റ്റാ.സി3/04/ധന. പ്രകാരം ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. 2004 മുതൽ നിരന്തരമായി അധികമായി കൈപ്പറ്റിയ തുക തിരിച്ചുപിടിക്കാൻ നിർദ്ദേശം സർക്കാർ നൽകിയിരുന്നെങ്കിലും തിരിച്ചുപിടിക്കൽ നടപടികൾ ട്രഷറി ഡയറക്ടർ പൂർത്തിയാക്കിയിരുന്നില്ല. തുടർന്ന് ഇക്കാര്യത്തിൽ കർശനമായ നടപടികളിലേയ്ക്ക് കടക്കുകയും ജീവനക്കാർ അധികം കൈപ്പറ്റിയ കമ്പ്യൂട്ടർ അലവൻസ് പൂർണ്ണമായും തിരിച്ചുപിടിക്കുന്നതിന് 13-11-2019-ലെ 36215/എസ്റ്റാ.സി3/2014/ധന. കത്ത് പ്രകാരം ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. അതിൻ പ്രകാരമുള്ള നടപടികളാണ് ട്രഷറി ഡയറക്ടർ സ്വീകരിച്ചിട്ടുള്ളത്.

ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസനം

135 (520) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും കാര്യക്ഷമവും ആകർഷകവുമായ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ ട്രഷറികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആധുനിക വൽക്കരണ നടപടികൾ പ്രധാനമായും രണ്ട് മേഖലകളിലായാണ് നടന്നുവരുന്നത്.

(1) അടിസ്ഥാന സൗകര്യ വികസന പദ്ധതിയും

(2) ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണവും.

അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കി പണിയുന്നതിനുമുള്ള നടപടികളാണ് കൈക്കൊണ്ടുവരുന്നത്. ഇതിൻ പ്രകാരം 2016 ജൂൺ മുതൽ 36 ട്രഷറികളുടെ നിർമ്മാണത്തിനുള്ള 108 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ച ട്രഷറി നിർമ്മാണങ്ങളിൽ 25 ട്രഷറികളുടെ നിർമ്മാണങ്ങൾക്ക് സാങ്കേതിക അനുമതി നൽകി നിർമ്മാണം